<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5514</u> <u>03-11-2021 - ൽ മറുപടിയ്ക്ക്</u>

<u>മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഒാഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) സഹകരിച്ച് ലൈഫ് സയൻസ് പാർക്കിൽ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) കൈക്കൊണ്ടു വരുന്നു. മെഡിക്കൽ ഉപകരണ വ്യവസായത്തിന്, പ്രത്യേകിച്ച് മെഡിക്കൽ ഉപകരണ രംഗത്ത് ആധിപത്യം പുലർത്തുന്ന ചെറുകിട വ്യവസായത്തിന് മുഴുവൻ സേവനങ്ങളും നൽകുന്ന ഗവേഷണത്തിനും പരീക്ഷണത്തിനും പരിശോധനയ്ക്കും പ്രാപ്തമാക്കുന്ന ഒരു പിന്തുണ സംവിധാനം സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സാങ്കേതിക വിദ്യകളുടെ സമന്വയം വഴി ഗുണമേന്മയേറിയ മെഡിക്കൽ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മെഡിക്കൽ ഉപകരണ പരിശോധനയും വിലയിരുത്തലും, റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഉല്പാദന പിന്തുണയും സാങ്കേതിക നവീകരണവും വിജ്ഞാന വ്യാപനവും എന്നിവയാണ് മെഡ്സ്പാർക്കിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നത്. മെഡ്സ്പാർക്ക് മുഖേന ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു. 1. മെഡിക്കൽ ഉപകരണ പരിശോധന & മൂല്യനിർണ്ണയ കേന്ദ്രത്തിന് അന്താരാഷ്ട്ര ഏജൻസികളുടെ അംഗീകാരം 2. റിസർച്ച് & ഡെവലപ്മെന്റ് റിസോഴ്സ് സുഗമമാക്കുന്നതിനുള്ള റിസർച്ച് & ഡെവലപ്മെന്റ് റിസോഴ്സ് സെന്റർ 3. വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രീകൃത യൂണിറ്റായ വിജ്ഞാന കേന്ദ്രം 4. സ്റ്റാർട്ടപ്പുകളും പ്രാരംഭ ഘട്ട കമ്പനികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ 5. മോഡ്യുലാർ മാനുഫാക്ചറിംഗ് യൂണിറ്റുകൾ പാർക്കിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് പാട്ടത്തിന് നൽകുക. പ്രസ്തുത പാർക്ക് പൂർത്തിയാകുമ്പോൾ, മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന മുപ്പതോളം വ്യവസായങ്ങൾക്ക് മെഡ്സ്പാർക്ക് ആതിഥേയത്വം വഹിക്കുകയും 1200 പേർക്ക് നേരിട്ടും 6,000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ നൽകുകയും ചെയ്യും. ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ കെ.എസ്.ഐ.ഡി.സി മുഖേന ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാർക്കിന്റെ പ്രവർത്തനം വിശദമാക്കാമോ? | (ബി) | തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) സഹകരിച്ച് ലൈഫ് സയൻസ് പാർക്കിൽ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) കൈക്കൊണ്ടു വരുന്നു. മെഡിക്കൽ ഉപകരണ വ്യവസായത്തിന്, പ്രത്യേകിച്ച് മെഡിക്കൽ ഉപകരണ രംഗത്ത് ആധിപത്യം പുലർത്തുന്ന ചെറുകിട വ്യവസായത്തിന് മുഴുവൻ സേവനങ്ങളും നൽകുന്ന ഗവേഷണത്തിനും പരീക്ഷണത്തിനും പരിശോധനയ്ക്കും പ്രാപ്തമാക്കുന്ന ഒരു പിന്തുണ സംവിധാനം സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സാങ്കേതിക വിദ്യകളുടെ സമന്വയം വഴി ഗുണമേന്മയേറിയ മെഡിക്കൽ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മെഡിക്കൽ ഉപകരണ പരിശോധനയും വിലയിരുത്തലും, റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഉല്പാദന പിന്തുണയും സാങ്കേതിക നവീകരണവും വിജ്ഞാന വ്യാപനവും എന്നിവയാണ് മെഡ്സ്പാർക്കിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നത്. മെഡ്സ്പാർക്ക് മുഖേന ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു. 1. മെഡിക്കൽ ഉപകരണ പരിശോധന & മൂല്യനിർണ്ണയ കേന്ദ്രത്തിന് അന്താരാഷ്ട്ര ഏജൻസികളുടെ അംഗീകാരം 2. റിസർച്ച് & ഡെവലപ്മെന്റ് റിസോഴ്സ് സുഗമമാക്കുന്നതിനുള്ള റിസർച്ച് & ഡെവലപ്മെന്റ് റിസോഴ്സ് സെന്റർ 3. വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രീകൃത യൂണിറ്റായ വിജ്ഞാന കേന്ദ്രം 4. സ്റ്റാർട്ടപ്പുകളും പ്രാരംഭ ഘട്ട കമ്പനികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ 5. |

| | | | |
|---|---|---|---|
| | | | മോഡുലാർ മാനുഫാക്ചറിംഗ് യൂണിറ്റുകൾ പാർക്കിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് പാട്ടത്തിന് നൽകുക. പ്രസ്തുത പാർക്ക് പൂർത്തിയാകുമ്പോൾ, മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന മുപ്പതോളം വ്യവസായങ്ങൾക്ക് മെഡ്സ്പാർക്ക് ആതിഥേയത്വം വഹിക്കുകയും 1200 പേർക്ക് നേരിട്ടും 6,000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ നൽകുകയും ചെയ്യും. ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ കെ.എസ്.ഐ.ഡി.സി മുഖേന ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ